നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) 36,800 ഏക്കർ സ്ഥലത്തു് ഇഞ്ചിപ്പുൽക്കൃഷി ചെയ്യുന്നുണ്ടു്.

(ബി) ഇല്ല;

(സി) 36,800 ഏക്കർ;

(ഡി) ഉണ്ടു്; പുൽത്തൈലത്തിനു കിടപിടിക്കുന്ന ഒരുതരം എണ്ണ ചൈനയിൽ ഒരു വൃക്ഷത്തിൽനിന്നും എടുക്കുകയും അതു് പുൽത്തൈലത്തിന്റെ വിദേശ വിപണികളും കുത്തകമാക്കുകയും ചെയ്തിട്ടുണ്ടെന്നു കാണുന്നു.

(ഇ) ഈ കാര്യം ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ്ജു്: നമ്മുടെ സംസ്ഥാനത്തെ പുൽത്തൈലം, സഹകരണാടിസ്ഥാനത്തിൽ ശേഖരിക്കുന്നതിനും, വിപണനം നടത്തുന്നതിനും ഒരു പദ്ധതി ആവിഷ്കരിക്കാൻ ഗവണ്മെന്റു് തയ്യാറാകുമോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: കൂടുതൽ കാൺക്രീറായിട്ടുള്ള ഒരു പ്രൊപ്പോസൽ ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ചാൽ നിശ്ചയമായും അതിനെപ്പറ്റി പരിശോധിക്കാം.

ശ്രീ. കെ. എം. ജോർജ്ജു്: ഇൻഡ്യയിൽ എന്നല്ല, ലോകത്തുതന്നെ പ്രത്യേക കുത്തകയുള്ള കേരളത്തിലെ ഈ അമൂല്യസാധനത്തിനു് വേണ്ട പ്രോത്സാഹനമില്ലാതെ അതിന്റെ വിലയിടിയുന്നതായും, ആളുകൾക്കു് ആ കൃഷിയിൽ താൽപ്പര്യമില്ലാതെ വരുന്നതായും കാണുന്നതിനാൽ ഇതിന്റെ പ്രോത്സാഹനത്തിനു വേണ്ടി ഗവണ്മെന്റു് അടിയന്തിരമായി എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ഈ കാര്യം ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്. പക്ഷേ, വിലകുറയാൻ കാരണം, മുമ്പു പറഞ്ഞതുപോലെ ചൈനയിൽ ഇതിനെക്കാൾ വിലകുറഞ്ഞ ഒരു സാധനം ഉണ്ടാക്കുന്നുണ്ടു്. അതു വിപണിയിൽ കംപീറ ചെയ്യുന്നുണ്ടെന്നുള്ളതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: പുൽത്തൈലത്തിൽനിന്നും വിറ്റാമിൻ 'എ' ജീവകം എടുക്കാമെന്നു വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുള്ള കാര്യം ഗവണ്മെന്റു പരിശോധിച്ചിട്ടുണ്ടോ; അതിന്റെ സാദ്ധ്യതകളെപ്പറ്റി ആരാഞ്ഞിട്ടുണ്ടോ?

Shri V. R. Krishna Iyer: I am sorry I am unable to answer that question now.

Construction of Roads and Bridges.

*1800. [11] **Shri M. C. Abraham:** Will the Minister for Public Works be pleased to state:

(a) the amount set apart for the Kottayam District in this year for the construction of roads and bridges; and

(b) the reason why the construction of the bridge in Kaduthuruthy–Neezhoor road is not completed as yet?

LIBRARY ARCHIVES Kerala Legislative Assembly

Minister for Transport and Labour (**Shri T. V. Thomas**) :

(a) 16,11,000 rupees.

(b) The work has been held up due to non-settlement of extra claims put forth by the contractor. The work will be resumed after settling the same.

ശ്രീ. എം. സി. ഏബ്രഹാം : ഈ പാലത്തിന്റെ പണി 1955-ൽ ടെൻഡർ വിളിച്ചിട്ടുള്ളതല്ലേ ?

ശ്രീ. ടി. വി. തോമസ് : 1955-ലാണ് ടെൻഡർ വിളിച്ചത്.

ശ്രീ. എം. സി. ഏബ്രഹാം : അതു സംബന്ധിച്ചുള്ള എക്സ്ട്രാ ക്ലെയിംസ് കമ്മറിൽ മെൻഷനായിട്ടില്ലേ ?

ശ്രീ. ടി. വി. തോമസ് : കൺട്രാക്ടറും, എൻജിനീയറും തമ്മിൽ എക്സ്ട്രാ ക്ലെയിംസിനെപ്പറ്റി ഒരു തീരുമാനത്തിലെത്തിയിട്ടുണ്ട്, അതു കഴിഞ്ഞാൽ പണി ഉടനെ നടത്തും.

Certificate for leave on Medical grounds.

* 1801. [13] **Shri K. Hassan Gani** : Will the Minister for Health be pleased to state:

(a) whether at present leave on medical grounds to Government employees can be granted on certificates issued by Ayurvedic, Unani and Homeopathic medical practitioners, and

(b) if not, whether Government will issue orders to this effect ?

Minister for Health (**Dr. A. R. Menon**) :

(a)&(b) Leave on medical grounds to Government employees can be granted on certificates issued by Ayurvedic, Unani and Homoeopathic medical parctitioners who are receiving grant-in-aid or who are in service, provided the certificates are countersigned by the Director of Indigenous Medicine or the District Officers, as per Art. 359, T. S. R.

ശുദ്ധജല വിതരണം.

* 1802. [14] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ താലൂക്ക് ഹെഡ്കോർട്ടേഴ്സിൽ ശുദ്ധജലവിതരണത്തിനുള്ള എസ്റ്റിമേറ്റ് തയാറായിക്കഴിഞ്ഞുവോ ;

(ബി) ഉവ്വെങ്കിൽ എസ്റ്റിമേറ്റ് എത്രയാണ് ; എപ്പോൾ പ്രവൃത്തി യാരംഭിക്കും ?

LIBRARY ARCHIVES Kerala Legislative Assembly